പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5022 | 24 -10 -2011 - ൽ മറുപടിയ്ക്ക് |
|---|---|

**ആരോഗ്യ കേന്ദ്രങ്ങളിലെ സേവനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ.അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) പി.എച്ച്.സി.കളിലും സി.എച്ച്.സി.കളിലും നിന്ന് എന്തെല്ലാം സേവനങ്ങളാണ് പൊതുജനങ്ങൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ; | (എ) മാതൃശിശു ആരോഗ്യ പ്രവർത്തനങ്ങൾക്കും, രോഗപ്രതിരോധത്തിനും, പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾക്കും ഉദ്ദേശിച്ചിട്ടുള്ള സ്ഥാപനങ്ങളാണ് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ. ഔട്ട് പേഷ്യൻറ് വിഭാഗവും, പരിമിതമായ തോതിലുള്ള ഒബ്സർവേഷനും മുഖേന രോഗികളെ ചികിത്സിക്കുന്നു. ഗർഭിണികളുടെ രജിസ്ട്രേഷൻ, പ്രതിരോധകുത്തിവയ്പ് അയൺ, ഫോളിക് ആസിഡ് ഗുളികകൾ ലഭ്യമാക്കൽ, കുഞ്ഞുങ്ങൾക്കുള്ള പ്രതിരോധകുത്തിവയ്പുകൾ, പകർച്ച വ്യാധി നിയന്ത്രണ പ്രവർത്തനങ്ങളും, റിപ്പോർട്ടിംഗും, കുടുംബക്ഷേമ സേവനങ്ങൾ ലഭ്യമാക്കൽ എന്നീ സേവനങ്ങൾ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ വഴി ചെയ്തുവരുന്നു. ബ്ലോക്ക് തലത്തിൽ പൊതുജനാരോഗ്യ പ്രവർത്തനങ്ങളും മാതൃശിശു ആരോഗ്യ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് നടത്താൻ ഉദ്ദേശിച്ചിട്ടുള്ളതാണ് സി.എച്ച്.സി.കൾ. ഔട്ട് പേഷ്യൻറ് ഇൻ പേഷ്യൻറ് ചികിത്സയും ലാബ് സൗകര്യവും സി.എച്ച്.സികളിൽ ലഭ്യമാണ്. |
| (ബി) പ്രസ്തുത സേവനങ്ങൾ ജനങ്ങൾക്ക് ലഭിക്കുന്നുണ്ടെന്നും ഫീൽഡ് വർക്ക് നടക്കുന്നുണ്ടെന്നും വിലയിരുത്താൻ നിലവിൽ എന്തെല്ലാം സംവിധാനമാണ് ഉള്ളത് ; | (ബി) പി.എച്ച്.സി., സി.എച്ച്.സി. തലങ്ങളിൽ എല്ലാ മാസത്തിലും അവലോകനയോഗങ്ങൾ നടത്തി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്താറുണ്ട്. ജില്ലാതലത്തിൽ എല്ലാ മാസവും മെഡിക്കൽ ആഫീസർമാരുടെയും, ഫീൽഡ് സൂപ്പർവൈസർമാരുടെയും അവലോകനയോഗത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തി നടപടി എടുക്കുന്നു. സംസ്ഥാനതലത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർമാർ ഡെപ്യൂട്ടി ഡയറക്ടർമാർ ജില്ലാ മെഡിക്കൽ ആഫീസർമാർ തുടങ്ങി എല്ലാ പ്രോഗ്രാം |

ആഫീസർമാരും പങ്കെടുക്കുന്ന മാസംതോറുമുള്ള അവലോകനയോഗം പ്രവർത്തനപുരോഗതി വിലയിരുത്താറുണ്ട്.

(സി) പകർച്ചവ്യാധികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ആരോഗ്യ കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ ശരിയായി നടക്കുന്നുണ്ടെന്ന് വിലയിരുത്താൻ പരിശോധനാ സമ്പ്രദായം ഏർപ്പെടുത്തുമോ ?

(സി) പകർച്ചവ്യാധികൾ കൂടുതലായി പ്രത്യക്ഷപ്പെടുമ്പോൾ പഞ്ചായത്ത്, ബ്ളോക്ക് ജില്ലാ തലത്തിൽ പ്രത്യേക അവലോകനയോഗങ്ങൾ കൂടുകയും, ബന്ധപ്പെട്ട പ്രോഗ്രാം ആഫീസർമാർ പ്രവർത്തനങ്ങൾ വിലയിരുത്തുകയും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള തീരുമാനങ്ങളെടുത്ത് നടപ്പിലാക്കുകയും ചെയ്യാറുണ്ട്.

സെക്ഷൻ ഓഫീസർ.